കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കേരളശ്ശേരി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17സാമ്പത്തിക വർഷം

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി പി17-1361/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട് .

തീയതി. 26.09.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കേരളശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കേരളശ്ശേരി ഗ്രാമപഞ്ചായത്ത് - 2016 – 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി പി17-1361/2017 തീയതി: 26.09.2017.

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016 -17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31-10-2016 മുതൽ 31-05-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സുനിൽദാസ്.എസ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24-6-2017മുതൽ 1-7-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ. സുമേഷ് | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ. ബിജു ആന്റെണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. എം.എസ്. താരിഖ് | ഓഡിറ്റർ |
| | ശ്രീ. മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ)

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി .ബിന്ദു കൃഷ്ണദാസ് | 1-4-2016 മുതൽ 31-3-2017വരെ |
| | | |
| സെക്രട്ടറി | ശ്രീമതി. ജലജ.സി | 1-4-2016 മുതൽ 31-3-2017വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | മുരളിധരരൻ.വി | 01-4-2016മുതൽ 22-12-2016വരെ |
| | ശ്രീമതി. ബിന്ദു കെ.എം HC i/c | 23-12-2016മുതൽ 02-01-2016വരെ |
| | ആർ.സുനിൽ | 03-01-2016മുതൽ 31-03-2017വരെ |
| അസി.എഞ്ചിനിയർ | ഹരികൃഷ്ണൻ | 1-4-2016മുതൽ 28-02-2017വരെ |
| | സഫീർ.എസ് | 01-03-2017മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ലത.പി.എൻ | 1-4-2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ഷാസദ് മജീദ്.പി | 1-4-2016മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.വനജ | 1-4-2016മുതൽ 31-3-2017വരെ |
| വെറ്റിനറി സർജൻ | ശ്രീജിത്ത്.വി.വി | 1-4-2016മുതൽ 31-3-2017വരെ |
| കൃഷി ഓഫീസർ | ശ്രീകുമാർ | 01-04-2016മുതൽ 31-03-2017വരെ |
| ICDS സൂപ്പർവൈസർ | സുശീല.ടി.ആർ | 1-4-2016മുതൽ 31-3-2017വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ധന്യ.ടി.വി | 1-4-2016മുതൽ 28-6-2016വരെ |
| | ബിന്ദു. | 29-6-2016മുതൽ 31-3-2017വരെ |
| ഹെഡ് മിസ്ട്രസ് | രമണി | 1-4-2016മുതൽ 6-6-2016വരെ |
| | അവ്വ ഉമ്മ | 7-6-2016മുതൽ 31-3-2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ബിന്ദു | 1-4-2016 മുതൽ 31-3-2017 |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ ബജറ്റ് 03.03.2016 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 17-6-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.-

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2390772 |
| വരവ് | 32232167 |
| ആകെ | 34622939 |
| ചെലവ് | 31294346 |

| | |
|---|---|
| നീക്കിയിരിപ്പ് | 3328593 |

# 1-5 ഫണ്ട് വിനിയോഗം- 2016-17

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 5356139 | 5356139 | 5356139 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6367295 | 6367295 | 6367295 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 606220 | 606220 | 606220 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1602363 | 1602363 | 1602363 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 2806343 | 2806343 | 2806343 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3090491 | 3090491 | 3090491 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. | 1422 | 15555944 | 15557366 | 15555939 | 1427 |
| ബി.ഫണ്ട് | 0 | 530680 | 530680 | 530680 | 0 |

EFMS ഉൾപ്പെടെയുള്ള വരവും ചെലവുമാണ് എടുത്തിട്ടുള്ളത്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 131 | 53426791 | 76 | 20038635 | 55 | 58 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 14 | 3524425 | 3241310 | 92 |
| അസി.സെക്രട്ടറി | 9 | 8 | 2434200 | 1935000 | 80 |
| അസി.എഞ്ചിനീയർ | 67 | 19 | 37294581 | 5899709 | 16 |

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 1212200 | 1160970 | 96 |
| വെറ്ററിനറി സർജൻ | 7 | 6 | 1414742 | 853630 | 60 |
| പി.എച്ച്.സി അലോപ്പതി | 5 | 5 | 971945 | 745295 | 77 |
| ആയുർവ്വേദം | 1 | 1 | 400000 | 400000 | 100 |
| ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 2514440 | 3366721 | 94 |
| വി.ഇ.ഒ | 10 | 8 | 2560000 | 2336000 | 91 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 400000 | 400000 | 100 |
| ഹെഡ് മാസ്റ്റർ | 2 | 2 | 600000 | 600000 | 100 |
| ആകെ | 131 | 76 | 53426791 | 20038635 | 38 |

# 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1107950 | 2123659 | 1015709 | 92 |
| നികുതിയേതര വരവുകൾ | 63336 | 245126 | 181790 | 287 |
| മറ്റ് വരവുകൾ | 104839 | 99606 | (-)5233 | (-)5 |
| ആകെ | 1276125 | 2468391 | 1192266 | 93 |

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ മേൽ പറയും പ്രകാരം 93 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17–ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | തീരുമാന മെടുത്തതിൽ നിരസിച്ചവ | കാലതാ മസത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2 | 2 | 0 | ബാധകമല്ല |
| 2 | തൊഴിൽ രഹിത വേതനം | 2 | 2 | 1 | |
| 3 | വിധവാ പെൻഷൻ | 67 | 67 | 0 | |
| 4 | വികലാംഗ പെൻഷൻ | 21 | 21 | 3 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8 | 8 | 0 | |
| 6 | വാർദ്ധക്യ കാല പെൻഷൻ | 262 | 262 | 65 | |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-6-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2499/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. എന്നാൽ സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല. അറ്റൻഡൻസ് രജിസ്റ്ററിൽ ചില കോളങ്ങൾ ഒപ്പുകൾ രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കുന്നു. പഞ്ചായത്തിൽ ജീവനക്കാരുടെ ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ സ്ഥലം മാറിപ്പോയതും റിട്ടയർചെയ്തതുമായ ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാകുന്നില്ല.

മരാമത്തുമായി ബന്ധപ്പെട്ട് റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എം-ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഫീസിബിലിറ്റി സർട്ടിഫിക്കറ്റിനൊപ്പം സോഷ്യൽ മാപ്പ് സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-6-2017മുതൽ 20-5-2017വരെ | 1-5-2017മുതൽ 31-5-2017വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-8-2013മുതൽ 11-9-2013വരെ | 2008-2009മുതൽ 2012-13വരെ | 7-10--2013 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യനികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ച വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതും പരസ്യ നികുതി പിരിക്കാവുന്നതുമാണ്. എന്നാൽ റവന്യൂ വരുമാനം കുറവുള്ള കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പരസ്യ നികുതി പിരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 9) മറുപടിയായി പരസ്യപ്രദർശനത്തിനും പരസ്യം സ്ഥാപിക്കുന്നതിനും പരസ്യ നികുതി ബൈലോ തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

മേൽപ്രകാരമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ എച്ച് എച്ച് എൽ പദ്ധതിക്കു വേണ്ടി പ്ലാൻ ഫണ്ട് തുക ചെലവഴിച്ചതിൽ 416000/-രൂപ ക്രമീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഫണ്ടിനം – പ്ലാൻ ഫണ്ട്.

പദ്ധതി നം.1/17

അടങ്കൽ-1001000

ചെലവ്-1001000

2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതിയായ ഐ എച്ച് എച്ച് എൽ ന് വേണ്ടി 1001000/- രൂപ പ്ലാൻ ഫണ്ട് വകയിരുത്തുകയും ചെലവാക്കുകയും ചെയ്തു. എന്നാൽ 585000/- രൂപ മാത്രമാണ് ശുചിത്വ മിഷണിൽ നിന്നും തിരികെ ലഭ്യമായിട്ടുള്ളത്. ബാക്കി തുക 416000/-നാളിതുവരെയായിട്ടും തിരികെ ലഭിച്ചിട്ടില്ല. ടി തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 3 തീയതി 30.06.2017 ന് ടി തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2016-17 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിൽനിന്നും ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, പാലക്കാട് നൽകിയ തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം/പേര് | തുക | കൈമാറിയ വിവരം |
|---|---|---|
| 14/17 പി എം എ വൈ | ബിൽ നം-6/17-20-1-17<br>20000/- | ബി ഡി ഒ, പാലക്കാട് |
| 15/17 പി എം എ വൈ (scp) | ബിൽ നം-7/17-20-1-17<br>60000/- | ബി ഡി ഒ, പാലക്കാട് |

| | | |
|---|---|---|
| 126/17 ഐ എ വൈ | ബിൽ നം-12/17-3-3-17<br>320000/- | ബി ഡി ഒ പാലക്കാട് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/30.06.2017 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 എസ്.എസ്.എ. വിഹിതം അടവാക്കിയതിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

തൻവർഷം ഹെഡ് മാസ്റ്റർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | SO 36/17 എസ്.എസ്.എ. വിഹിതം നൽകൽ | SO 128/17- എസ്.എസ്.എ. വിഹിതം നൽകൽ രണ്ടാം ഘട്ടം |
|---|---|---|
| ബിൽ നം., തുക | 1/2016-17,20-2-2017, 500000രൂ.(പ്ലാൻ ഫണ്ട്) | 2/16-17/ 25-3-2017, 100000രൂ.<br>(പ്ലാൻ ഫണ്ട്) |

എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർക്കാണ് തുക കൈമാറിയിരിക്കുന്നത്. ഇതു സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/30.06.2017 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അടച്ച എസ്.എസ്.എ വിഹിതം പ്ലാൻ ഔട്ട് ലേ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ തന്നെ വിനിയോഗിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-4 പ്രവൃത്തിയിൽ ഭേദഗതി വരുത്തിയിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

താഴെപ്പറയുന്ന പ്രവൃത്തിയിൽ ഇനങ്ങൾ ഒഴിവാക്കി പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO58/17-കൊട്ടേക്കാട് പറമ്പ് പെരുമ്പി റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ, ഫണ്ട് ഇനം | 200000രൂ. പദ്ധതി ഫണ്ട്(എസ്.സി.പി.) |

| | |
|---|---|
| എഗ്രിമെന്റ് നം,തീയ്യതി | 40/AE/LSGD/KRL/16-17/16-3-17 |
| കരാറുകാരൻ | ശ്രീ മുരളീധരൻ |
| പ്രവൃത്തി മൂല്യം | 200000 |
| എം.ബുക്ക് | 74/16-17 |
| ബിൽ നം.തീയ്യതി, തുക | 15/16-17/31-3-2017/ 200000രൂ. |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ 4ഇനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.ആയതിൽ നാലാമത്തെ ഇനമായ ഇലക്ട്രിക്കൽ പോസ്റ്റ് ഷിഫ്റ്റിങ്ങ് പ്രവൃത്തി ചെയ്തിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.എന്നാൽ ടി.എസ്. ലഭിച്ചിട്ടുള്ള തുക മുഴുവനും ബിൽ തുക നൽകിയിട്ടുമുണ്ട്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (11/9.7.2017 പ്രകാരം) നൽകിയ മറുപടിയിൽ മൊത്തം ചെലവ് 5% അധികരിച്ചിട്ടെല്ലെന്നും ആയതിനാലാണ് റിവെസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ ടി.എസ്. ലഭിച്ചിട്ടുള്ള എസ്റ്റിമേറ്റിലെ ഇനങ്ങൾ ഒഴിവാക്കി പ്രവൃത്തി ചെയ്യുമ്പോൾ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് ആണെങ്കിൽ റീകാസ്റ്റ് എസ്റ്റിമേറ്റ് ഉണ്ടാക്കുകയോ പ്രവൃത്തി ആരംഭിച്ചതിന് ശേഷമാണെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്യണം എന്ന് പൊതുമരാമത്ത് മാന്വലിൽ നിർദേശിക്കുന്നു.ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-5 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള കുള്ളപ്പാടി കുടിവെള്ള പദ്ധതി,(കൺസ്യൂമർ നം.1540) ചാത്തൻചിറ കുടിവെള്ള പദ്ധതി (കൺസ്യൂമർ നം.34089) എന്നീ പദ്ധതികൾക്കായി ഓഡിറ്റ് വർഷത്തിൽ യഥാക്രമം 9320/- രൂപയും, 2853/- രൂപയും ചേർത്ത് ആകെ 12173/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കുള്ളപ്പാടി കുടിവെള്ളപദ്ധതി കേരള വാട്ടർ അതോറിറ്റിയിൽനിന്നും കൈമാറിക്കിട്ടിയിട്ടുള്ളതും 23 പൊതു ടാപ്പുകൾ ഉള്ളതുമായ പദ്ധതിയാണ്. അതേസമയം ചാത്തൻചിറ കുടിവെള്ള പദ്ധതിയുടെ ബോർവെല്ലിൽ ചളി ഇറങ്ങിയതിനാൽ നിലവിൽ പ്രവർത്തിക്കുന്നില്ലെങ്കിലും ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി പുതിയ ബോർവെൽ കുഴിക്കുന്നതിനുള്ള നടപടികൾ

ആരംഭിച്ചിട്ടുള്ളതാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-സംരക്ഷണ ചുമതല 30-5-2009 ലെ സ.ഉ(സാധാ)നം.1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശാനുസരണം ഗുണഭോക്തൃ സമിതികളെ ഏല്പ്പിക്കേണ്ടതാണ്. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതും ഇക്കാര്യത്തിനായി ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തിയതി 29-3-2017, ജി.ഒ (എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതുമാണ്. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കാവുന്നതാണ്. ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

2016-17 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലിനുമായി വൈദ്യുതിബോർഡിലേക്ക് ആകെ 1715486/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേരു വിവരം | പ്രോജക്റ്റ് നം | തുക | ബില്ലിന്റെ വിവരം |
|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | 116/17 | 1097975 | നം.18/2016-17 തിയതി.23/12/2016<br>തുക.1097975 |
| 2 | സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | 123/17 | 617511 | 1.നം.19/2016-17 തിയതി.19/01/2017<br>തുക.367928<br>2.നം.20/2016-17 |

| | | | | |
|---|---|---|---|---|
| | | | | തിയതി.19/01/2017<br>തുക.249583 |
| 3 | സമ്പൂർണ്ണ വൈദ്യുതീകരണം | 132/17 | 184655 | 3<br>1.നം /2016-17 തിയതി0/0/2017<br>തുക.184655 |

1.ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2.പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 3-7 തെരുവ് വിളക്കുകളുടെ വൈദ്യുതി കരം - ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമേ കരം അടയ്ക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തണം

കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. നിലവിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം 24664/- രൂപ പഞ്ചായത്ത് KSEB യിലേക്ക് അടച്ചുവരുന്നുണ്ട്. പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന തെരുവു വിളക്കു രജിസ്റ്റർ പ്രകാരം ഇലക്ട്രിക്കൽ സെക്ഷൻ കോങ്ങാട്, ഇലക്ട്രിക്കൽ സെക്ഷൻ പത്തിരിപ്പാല എന്നിവിടങ്ങളിലെ 13 വാർഡുകളിലായി 519 ലാമ്പുകളാണുള്ളത്. മീറ്റർ ഘടിപ്പിക്കാത്തതിനാൽ തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതിചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന വിളക്കുകളുടെ തരം, എണ്ണം, കത്തുന്ന സമയം എന്നിവ ആധാരമാക്കി കെ.എസ്.ഇ.ബി നിശ്ചയിച്ച താരിഫിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഒടുക്കി വരുന്നത്.

പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന സട്രീറ്റ് ലൈറ്റ് രജിസ്റ്ററിലെ വിളക്കുകളുടെ എണ്ണം തരം എന്നിവ അടിസ്ഥാനമാക്കിയുള്ള താരിഫ്, നിലവിൽ വൈദ്യുതി ബോർഡ് ഈടാക്കുന്ന ചാർജ്ജുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | വൈദ്യുതി കരം നിരക്ക് | അടയ്ക്കേണ്ട തുക | അടച്ച തുക | പ്രതി മാസം കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| i | ഇലക്ട്രിക്കൽ സെക്ഷൻ കോങ്ങാട് | | | | | |
| 1 | 40വാട്ട് ബൾബ് | 296 | 61 | 18056 | | |
| 2 | 2*11 സി.എഫ്.എൽ | 136 | 7 | 952 | | |
| 3 | 250 വാട്ട് സോഡിയം വേപ്പർ ലാമ്പ് | 10 | 414 | 4140 | | |
| ii | ഇലക്ട്രിക്കൽ സെക്ഷൻ പത്തിരിപ്പാല | | | | 24664 | 2753 |
| 1 | ഓർഡിനറി സ്ട്രീറ്റ് ലൈറ്റ് | 53 | 61 | 3233 | | |
| 2 | ട്യൂബ് | 1 | 61 | 61 | | |
| 3 | സി.എഫ്.എൽ | 21 | 7 | 147 | | |
| 4 | സോഡിയം വേപ്പർ ലാമ്പ് | 2 | 414 | 828 | | |
| | ആകെ | 519 | | 27417 | 24664 | 2753 |

ഗ്രാമപഞ്ചായത്ത് വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് തയ്യാറാക്കി ആയതിനെ അടിസ്ഥാനമാക്കി മാത്രം ചാർജ് ഒടുക്കേണ്ടതാണ്. വൈദ്യുതി ഉപഭോഗം താരതമ്യേന കൂടുതലായ ഓർഡിനറി ബൾബുകൾ പൂർണ്ണമായും ഒഴിവാക്കേണ്ടതും ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമേ കരം അടയ്ക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനായി തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് 30.06.2017 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5) ലഭ്യമാക്കിയ മറുപടിയിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ പൂർത്തീകരിച്ചിട്ടുള്ളതായും മീറ്ററിംഗ് സംവിധാനം നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്.

## 3-8 എം.ജി.എൻ.ആർ.ഇ.ജി.എസ്-പദ്ധതി പ്രകാരം 109 കിണറുകൾ നിർമ്മിച്ചു നൽകിയത് അഭിനന്ദനാർഹം

2016-17 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം സംബന്ധിച്ച മാസ്റ്റർ സർക്കുലറിലെ പാര 4-2 -ബി- പ്രകാരം സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ പദ്ധതി പ്രകാരം നിർമ്മിച്ചു നൽകാവുന്നതാണ്. കേരളശ്ശേരി ഗ്രാമ പഞ്ചായത്തിൽ തൻ വർഷം 109 പുതിയ കിണർ നിർമ്മിച്ചതിൽ 92 കിണറുകളിൽ വെള്ളം കണ്ടെത്തി. കുളം

പുനരുദ്ധാരണ പ്രവർത്തികൾ 28 എണ്ണത്തിലും, പുതിയ കുളം നിർമ്മാണം 8 എണ്ണം നടത്തിയതിൽ 5 എണ്ണത്തിലും വെള്ളം കണ്ടെത്തിയിട്ടുണ്ട്.

## 3-9 എം.ജി.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ കൂലിയിനത്തിലെ കുടിശ്ശിക 4276724/- രൂപ

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിൽ 2016 ഒക്ടോബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ചെയ്ത പ്രവൃത്തികളുടെ കൂലിയിനത്തിൽ ആകെ 4276724/-രൂപ തൊഴിലാളികൾക്ക് വേതനമായി നൽകുവാൻ കുടിശ്ശികയുണ്ട്. 2005ലെ തൊഴിലുറപ്പ് പദ്ധതി ആകട് സെക്ഷൻ 3 (3) പ്രകാരവും തദ്ദേശസ്വയംഭരണ വകുപ്പിൻെറ 06.02.15 ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14 പ്രകാരമുള്ള തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വേതന കുടിശ്ശിക സർക്കാരിൽ നിന്നും ലഭ്യമായാലുടൻ വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതിനോടൊപ്പം ഈടു നിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കൽ, ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നിവയാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം.

2016-17 വർഷത്തെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | വിശദാംശം | 2016-17 വർഷം |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2745 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2738 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 703 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 207 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 83 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | - |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 15557366 |
| 9 | തൻവർഷത്തെ ചെലവ് | 15555939 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1608 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 10 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്?<br>തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | - |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളിൽ ചെലവഴിച്ച തുക | ഉണ്ട് |
| 14 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | |
| 15 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |
| 18 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം | കിണർ 109<br>പുതിയ കുളം 8 |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2016-17 | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | | |
| 2 | വരൾച്ച തടയൽ, വനവത്കരണം | 5 | 104361 |

| | | | |
|---|---|---|---|
| 3 | ചെറുകിട ജലസേചനം | 33 | 4706000 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 103 | 2296000 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 28 | 2802000 |
| 6 | ഭൂവികസനം | 38 | 5649000 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | | |
| 8 | വില്ലേജ് റോഡ് | | |
| 9 | മറ്റ് ചെലവുകൾ | | 1422 |
| | ആകെ | 207 | 15555939 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | പദ്ധതിയുടെ പേരു വിവരം | പ്രോജക്ട് നം | ജില്ലാ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
|---|---|---|---|---|
| 1 | നെൽകൃഷിക്ക് കൂലിച്ചെലവിന് ധനസഹായം | 51/2016 | 710535 | 328035 |
| 2 | ക്ഷീരസംഘങ്ങൾ വഴി ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 85/2016 | | 200000 |
| 3 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 18/2016 | | 35500 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | പദ്ധതിയുടെ പേരു വിവരം | പ്രോജക്ട് നം | തുക |
|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ വലിക്കലും, മീറ്റർ സ്ഥാപിക്കലും | 116/17 | 1097975 |

| | | | |
|---|---|---|---|
| 2 | സ്ട്രീറ്റ് മെയിൻ വലിക്കലും, മീറ്റർ സ്ഥാപിക്കലും | 123/17 | 617511 |
| 3 | സമ്പൂർണ്ണ വൈദ്യുതീകരണം | 132/17 | 184655 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്-

ഇല്ല

## 4-4 (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം. -

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ഭവന പദ്ധതി | GO.2062/2010/ L.S.G.D. 22-6-2010 | 6600000 | 3749836 | 800000 | - | 2949836 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ -

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 150365 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| പലിശ പുനർ നിക്ഷേപിച്ചത് | 31577 |
| ആകെ | 181942 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 181942 |

വർഷാവസാനം (2016-17) അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം,തിയതി | കാലാവധി |
|---|---|---|---|
| സ്ഥിര നിക്ഷേപം,തടുക്കശ്ശേരി സർവ്വീസ് സഹകരണബാങ്ക്, കേരളശ്ശേരി | 181942 | 26536 തിയതി | 16-03-2018 |

| | | | |
|---|---|---|---|
| | | 11-07-2016 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം-

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 32232167 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31294346 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ -

ഇല്ല

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നനഷ്ടത്തിനുത്തരവാദികളായ-

വരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| - | - | - |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി-12/467/2003/ 03-07-2003 | F.R |
| 1997-98 | എൽ.എഫ്.പി.12/505/2003/ 05-072003 | F.R |
| 1998-99 | എൽ.എഫ്.പി.12/999/05/ 15-02-2006 | ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.പി.12/1683/07/ 21-01-2008 | F.R |
| 2000-01 | എൽ.എഫ്.പി.12/1684/07/ 21-01-2008 | F.R |
| 2001-02 | എൽ.എഫ്.പി.12/80/09/ 18-08-2009 | F.R |
| 2002-03 | എൽ.എഫ്.പി.12/81/09/ 26-06-2009 | F.R |
| 2003-04 | എൽ.എഫ്.പി.17/228/10 /22-09-2010 | F.R |
| 2004-05 | എൽ.എഫ്.പി.17/1460/10/ 16-08-2010 | F.R |
| 2005-06 | എൽ.എഫ്.പി.17/567/10/ 27-10-2010 | FR |
| 2006-07 | എൽ.എഫ്.പി.12/85/2009/ 05-02-2010 | FR |
| 2007-08 | എൽ.എഫ്.പി.17/1202/10/ 14-07-2011 | ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.പി.17/1203/ 2010/14-07-2011 | ഓഡിറ്റ് റിപ്പോർട്ട് |
| 2009-10 | എൽ.എഫ്.പി.17/748/12/ 03-07-2012 | ശുദ്ധിപത്രം |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.പി.17/1436/13/ 06-11-13 | FR |
| 2011-12 | എൽ.എഫ്.പി.17/232/14/ 07-03-14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി.17/390/15/ 18-05-15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14, 2014-15 | നം.കെ.എസ്.എ-പികെഡി17/1010/16 തീ.15.07.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ-പികെഡി17/2140/16 തീ.31/12/16 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.കെ.ഡി.17-1361/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട് .

തീയതി. 26.09.2017.

### സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 31.3.17 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടമ്പഴിപ്പുറം ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2016-2017 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

കേരളശ്ശേരി ഗ്രാമ പഞ്ചായത്ത്-വാർഷിക ധനകാര്യ പത്രിക – 2016-2017-ന്യൂനതാ സംഗ്രഹം

1. സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 11 പരിഷ്കരിച്ചിട്ടില്ല.

2. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

3.വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതിയുടെ തൻ വർഷ തുകകളും കുടിശ്ശിക തുകകളും ഡി.സി.ബി സ്റ്റേറ്റ്മെന്റ്, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ.

No.KSA.PKD 17-1361/2017

Kerala State Audit Department
District Audit Office, Palakkad
Dated : 26.09.2017.

## CERTIFICATE

Certified that I have examined the Annual Financial Statement of KERALASSERY GRAMA PANCHAYATH for the year ended 31.03.17 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions

In my opinion the financial statements of KERALASSERY GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2016-2017 properly presents the picture of income, expenditure and closing balance except the defects pointed in this certificate.

Deputy Director

## KERALASSERY GRAMA PANCHAYATH

Abstract of defects-A.F.S 2016-17

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated.

2. Budget is not prepared on function -fuctionary basis.

3. The figures shown as the arrear & current balance of property tax in AFS (2016-17) are not in agreement with the figures shown in DCB statement and Sanchaya Software.

Deputy Director